## കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC)

# KSEBLനെ ഞെക്കി കൊല്ലല്ലേ;

## സ്മാർട്ട് മീറ്റർ രക്ഷകനോ, ശിക്ഷകനോ??

## കച്ചവടമോ, കമ്മീഷനോ, കടക്കെണിയോ ??

## ഇടതു സംഘടനകളുടെ നിലപാട് ഇരട്ടത്താപ്പും കാപട്യവും

# പ്രതിഷേധ ധർണ്ണ

2023 ജനുവരി 25 ബുധൻ

**അവകാശ സംരക്ഷണദിനം 20.01.2023**

### @@++ കേന്ദ്ര സംസ്ഥാന Totex ഉം വേണ്ട സ്വജനപക്ഷ ധൂർത്തും വേണ്ട. CITU+OA=EEFI=UEL @@++??

KSEBL ൽ കഴിഞ്ഞ 6 വർഷമായി കോടികളുടെ കച്ചവടമാണ് നടക്കുന്നത്. ട്രാൻസ്ഗ്രിഡിന് 150% above tender, കെ ഫോൺ 1028 കോടിയുടെ എസ്റ്റിമേറ്റ് 1528 കോടി ടെൻണ്ടർ, ഗവൺമെന്റ് അനുമതിക്ക് മുമ്പ് പർച്ചേയ്സ് കരാർ, പർച്ചേയ്സ്, ഇത് ചൈന സ്നേഹം, പുരപ്പുറ സോളാർ കോടികൾ കെ.എസ്.ഇ.ബി.ക്ക് നഷ്ടം വരുത്തി. നെറ്റ് മീറ്ററിംഗ് പ്രതിമാസം 40 കോടിയിലേറെ നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്നു. ചാർജിംഗ് സ്റ്റേഷനിൽ കാലഹരണപ്പെട്ട പോർട്ടുകൾ വരെ സ്ഥാപിച്ച് കച്ചവടം.

2016 ൽ 1065 കോടി മാത്രമായിരുന്ന കെ.എസ്.ഇ.ബി.എൽ.ന്റെ ആകെ കടം ഇപ്പോൾ 14000 കോടിയ്ക്കടുത്ത് എത്തിയിരിക്കുന്നു. പുതിയ പദ്ധതികൾ ഒന്നും വന്നിട്ടുമില്ല. പെൻഷൻ ട്രസ്റ്റിന് 25000 കോടി കൊടുക്കാനുണ്ട്. കൂപ്പണിലേക്കുള്ള ദൂരം അതിവിദൂരമല്ലാത്ത സാഹചര്യം എത്തി നിൽക്കുമ്പോൾ ഇതാ ലാവ്ലിനെയും പുരപ്പുറത്തേയും കെഫോണിനേയും ട്രാൻസ്ഗ്രിഡിനെയും വെല്ലുന്ന സ്മാർട്ട് മീറ്റർ കച്ചവടം.

**ഇതു സംബന്ധിച്ച് INTUC യുടെ നിലപാടുകൾ**

1. മെക്കാനിക്കൽ മീറ്റർ മാറ്റിവയ്ക്കൽ ഇപ്പോഴും പൂർണ്ണമായിട്ടില്ല. എന്നാൽ ഏതാണ്ട് 90% മാറ്റിവച്ചു. നിലവിലെ മീറ്ററിന് മുടക്കിയ 1500 കോടിയിൽ അധികം രൂപ കെ.എസ്.ഇ.ബി.യുടെ പണം, ജനങ്ങളുടെ പണം വഴിയാധാരമാക്കുന്ന സ്മാർട്ട് മീറ്റർ വേണോ? ഓരോ ഉപഭോക്താവിനും വീണ്ടും 8000 രൂപ ബാധ്യത ശരിയോ? നിയമപരമോ അല്ല. മീറ്റർ വാടക അടച്ച കൺസ്യൂമറെ ഒരു പൊതുമേഖലാ സ്ഥാപനം വഞ്ചിക്കാൻ പാടുണ്ടോ..?
2. കേവലം 68 കോടി രൂപ ഗ്രാന്റിനുവേണ്ടി 9000 കോടിയുടെ കട ബാധ്യത... (20000 കോടി വരെയാകും) അധികഭാരം ആർക്കുവേണ്ടി, ഒരു തലയണ കവറിനുവേണ്ടി 2 ബെഡും ഒരു കട്ടിലും ആരെങ്കിലും വാങ്ങുമോ..?
3. സ്മാർട്ട് മീറ്റർ വരുന്നതുകൊണ്ട് ഉപഭോക്താക്കൾക്ക് ലഭിക്കുന്ന വൈദ്യുതിയുടെ ഗുണമേന്മ കൂടില്ലല്ലോ.
4. സ്മാർട്ട്മീറ്റർ വയ്ക്കുമ്പോൾ ഒരു മേഖലയിൽ മുഴുവൻ ഉപഭോക്താക്കൾക്കും ഘടിപ്പിക്കണം. നഷ്ടം ജനങ്ങളുടെ തലയിൽ.

5. 100 രൂപ കറന്റ് ചാർജ് അടയ്ക്കുന്ന ആളിനും 8000 രൂപയുടെ മീറ്റർ ഘടിപ്പിക്കേണ്ട ബാധ്യത പാവപ്പെട്ടവൻ ഏൽക്കണോ..?

6. RDSS പദ്ധതിപ്രകാരം Totex Method ൽ ചെയ്താൽ BOT പോലെ ഉപഭോക്താക്കളിൽ നിന്നും സ്വകാര്യ കമ്പനികൾ മീറ്റർ വാടകയും, കറന്റ് ചാർജും, റവന്യൂവും പിരിക്കും (കറന്റ് ചാർജ് പിരിക്കും) സ്വന്തം വീട്ടിൽ മറ്റൊരുവൻ കയറുന്നത് നോക്കി നിൽക്കണോ.

7. അപ്പോൾ കെ.എസ്.ഇ.ബി. യുടെ ഡാറ്റ സ്വകാര്യ വ്യക്തികൾക്ക് മറ്റൊരു സ്പ്രിംഗ്ളർ. ഇത് മറ്റൊരു ഡാറ്റ കച്ചവടം, ഇത് സ്വകാര്യവത്ക്കരണത്തിന്റെ മുന്നോടിയല്ലേ?

8. കെ.എസ്.ഇ.ബി.എൽ. സ്വന്തമായി 9000 കോടി മുതൽ മുടക്കി ആദ്യം വായ്പ എടുത്തിട്ട് കാര്യം നടത്തി കഴിഞ്ഞ് പിന്നീട് ഉപഭോക്താക്കളിൽ നിന്ന് പിരിക്കാനല്ലേ പറ്റൂ. അപ്പോൾ വായ്പയുടെ പലിശയും തരിച്ചടവും ഉദ്ദേശം 200 കോടി മാസം കണ്ടെത്തേണ്ടേ? എവിടെ നിന്നും കിട്ടും? [പ്രളയത്തിൽ 750 കോടി നഷ്ടം വന്നിട്ട് ഗവൺമെന്റിൽ നിന്നും ഒന്നും വാങ്ങാൻ സാധിക്കാത്ത കഴിവുകെട്ട ബോർഡും ഫിനാൻസ് വിംഗും, ഒന്നും കിട്ടാത്ത കെ.എസ്.ഇ.ബി. യുടെ ഫണ്ടിൽ നിന്നും അനധികൃതമായി നിയമവിരുദ്ധമായി വിവിധ ജില്ലകളിൽ ആശുപത്രി പണിയാൻ 50 കോടിയ്ക്കടുത്ത് നൽകി. അന്തിമഫലം മേൽ ഉദ്യോഗസ്ഥർക്ക് മുഖ്യമന്ത്രിയിൽ നിന്നും ഷേക്ക്ഹാന്റ് കിട്ടി. ദുരിതശ്വാസ നിധിയിലേക്ക് 10 കോടി നിയമ വിരുദ്ദമായി നൽകി] CFL ഗ്രാന്റ് 90 കോടി കിട്ടിയോ..? LED ഗ്രാന്റ് കിട്ടിയോ..? ഇതെല്ലാം പാവപ്പെട്ട ഉപഭോക്താക്കളിൽ നിന്നും പിടിച്ചുവാങ്ങിയത് ശരിയോ..?

9. 68 കോടി ഗ്രാന്റ് കിട്ടുമെന്ന് പറയുന്ന ഉദ്യോഗസ്ഥരോട് ഒരു ചോദ്യം. നാളിതുവരെയുള്ള ഗ്രാന്റ് എല്ലാം കൃത്യമായി കിട്ടിയിട്ടുണ്ടോ..? നാളിതുവരെ (കഴിഞ്ഞ 15 വർഷം) വിവിധ പദ്ധതികൾക്കായി കെ.എസ്.ഇ.ബി.ക്ക് ലഭിച്ച ഗ്രാന്റ് തുക ബാങ്ക് പാസ്സ് ബുക്ക് സഹിതം പ്രദർശിപ്പിക്കാമോ..? AAC കണ്ടക്ടർ ACSR ആക്കുന്ന പണി കഴിഞ്ഞ 10 വർഷമായി ചെയ്തിട്ടും 40% മാത്രം പൂർത്തികരിച്ചവർ ഗ്രാന്റ് വാങ്ങിയെടുക്കാൻ പ്രാപ്തരെന്ന് പറഞ്ഞാൽ അത് കൊറോണയെ തടഞ്ഞുനിർത്തുമെന്ന് പറഞ്ഞതുപോലെയാണ്..!

10. 15000 കോടി ആസ്ഥിയുള്ള കെ.എസ്.ഇ.ബി യുടെ ആസ്ഥിയുടെ 60%, അളക്കാനുള്ള യന്ത്രത്തിന് വേണ്ടി ഉപയോഗിക്കുന്ന മാനേജ്മെന്റ് ടെക്നിക്ക് ആരുടേത്, അയാൾ ഏത് സ്കൂളിൽ പഠിച്ചു. അയാളുടെ തല പരിശോധിക്കണം.

11. കെ.എസ്.ഇ.ബി യുടെ Borrowing capacity 15000 കോടി, നിലവിൽ കടം 14000 കോടി. എങ്ങനെ വായ്പയെടുക്കും. കടം എടുക്കാമെന്ന് പറഞ്ഞ ധനകാര്യ വിദഗ്ധർ ആര്, എവിടെ പഠിച്ചു?

12. സ്മാർട്ട് മീറ്റർ കേരളത്തിലെ കാലാവസ്ഥയ്ക്ക് ചേർന്നതല്ല. കേടായാൽ, ഇടിവെട്ടി പോയാൽ വീണ്ടും ജനങ്ങളുടെ തലയിൽ ബാധ്യത അടിച്ചേൽപ്പിക്കില്ലേ. ഒരു പൊതുമേഖലാ സ്ഥാപനത്തിന് പറ്റിയ പണിയോ ഇത്..?

13. ട്രാൻസ്ഫോർമർ End ൽ അളവ് തുടങ്ങിയിട്ട് കാലമെത്രയായി, എവിടെയെത്തി ഉന്നത അധികാരികളെ.... വൻ കടക്കെണിയിലായിരുന്ന കെ.എസ്.ഇ.ബി. യെ ലാഭത്തിലാക്കി ഗാർഹിക ഉപഭോക്താക്കൾക്ക് ഒരു യൂണിറ്റിന് 25 പൈസ കുറച്ചുകൊടുത്ത്, വിവിധ ബാങ്കുകളിൽ 3000 കോടി ഫിക്സഡ് ഡെപ്പോസിറ്റ് ഉണ്ടായിരുന്ന കെ.എസ്.ഇ.ബി. ഇപ്പോൾ കടത്തിലുള്ള സാമ്പത്തിക ധവളപത്രം പുറത്തിറക്കണം. കെ.എസ്.ഇ.ബി.യുടെ വാർഷിക കണക്ക് ബുക്കിൽ നിന്നും ബാധ്യതാ പേജും, മാസം തോറുമുള്ള ബാധ്യതാ സ്റ്റേറ്റ്മെന്റും ഒഴിവാക്കിയത് എന്തിന്?

## ഇക്കാര്യത്തിൽ ഞങ്ങളുടെ അഭിപ്രായം

പ്രീപെയ്ഡ് മീറ്റർ സംവിധാനം ഏതെങ്കിലും കൺസ്യൂമർ സ്വന്തം ചിലവിൽ വയ്ക്കാൻ തയ്യാറെങ്കിൽ അതിന് എല്ലാ സഹായവും ചെയ്ത് കൊടുക്കണം. ഒരു മോഡം കൂടി ഉണ്ടെങ്കിൽ ഛത്തീസ്ഗട്ടിൽ ചെയ്തതു പോലെ ചെയ്യാം. കെ.എസ്.ഇ.ബി.ക്ക് ബാധ്യത ഉണ്ടാകരുത്, ജനങ്ങൾക്ക് ബാധ്യത ഉണ്ടാകരുത്. അതിന് KSERC ടെ അനുവാദം വാങ്ങണം. അതുപോലെ 6000 ഓളം വരുന്ന HT/EHT ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ വയ്ക്കണം.

സയൻസും ടെക്നിക്കും പറയുന്നവരോട് പറയുന്നു വൈദ്യുതി ചോർച്ച, മീറ്ററിൽ അല്ല. ആദ്യം മെയിന്റനൻസ് കൃത്യമായി നടത്തൂ. Infrastructure വികസനം നടത്തൂ, UG cable, covered conductor കൊണ്ടുവരൂ, കുഴികുത്താനുള്ള യന്ത്രം, (ഇപ്പോഴും പാരയും തൂമ്പയും കത്തിയും വാളും ഉപയോഗിച്ച് കുഴികുത്തുന്നു, അതിപുരാതന പാരമ്പര്യം) Sky/Ariel lift നൽകൂ. (ഇപ്പോഴും ലൈൻമാൻ പോസ്റ്റിൽ കയറുന്നത് അതി പ്രാചീന രീതി) കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ഹൈഡൽ പദ്ധതിയെ പാരമ്പര്യേതര ഊർജ്ജത്തിൽ പെടുത്തിയിട്ടുണ്ട്. അതിന് പണം മുടക്കൂ, പ്രയോജനപ്പെടുത്തൂ. ഇതിനാണ് ഗ്രാന്റ് കൂടുതൽ കിട്ടുന്നത്, അത് എന്തേ മറച്ചുവയ്ക്കുന്നു. സോളാർ ബാധ്യത ഒഴിവാക്കൂ. അദാനി പവർ കോർപ്പറേഷനുമായി wind എനർജിക്ക് കരാർ ഒപ്പിട്ടവർ സമാധാനം പറയേണ്ടിവരും; പറയിപ്പിക്കും. വാഹന ചാർജിംഗ് സ്റ്റേഷനിൽ എനർജി ഓഡിറ്റ് നടത്താത്തതുവഴി കോടികളുടെ നഷ്ടം ഇല്ലേ.

**ഇനിയും ഇടത് സംഘടനകളുടെ ഇരട്ടത്താപ്പിലേക്ക് വരാം. നേതാക്കൾ റിട്ടയർ ചെയ്യുമ്പോൾ ജോലി ലഭിക്കാനോ. CITU+OA=EEFI യുടെ അതിനൂതന ഇടത് യൂണിയൻ Totex**

CITU – OA കൂട്ടുകെട്ട് പറയുന്നത് Totex method വേണ്ട അത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനം വഴി സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കണമെന്നാണ്. എന്തിനാണെന്ന് നമുക്ക് എല്ലാം അറിയാം. ഭാരവാഹികൾ റിട്ടയർ ആകുമ്പോൾ ചെറിയ ഒരു പണി. അവരുടെ ചിലർ, ഈ പറയുന്ന സ്ഥാപനത്തിൽ പണ്ട് ജോലി ചെയ്തിട്ടുമുണ്ട്. ഈ സ്ഥാപനത്തിൽ നിന്നും വാങ്ങിയ പഴയ മീറ്റർ കഥ ഇനിയും തുറക്കണോ സഖാക്കളെ. ഇതിന്റെ അനുകൂലികൾ പറയുന്ന മറ്റൊരു കാര്യം ഇവരുടെ ആള് വന്നാൽ (CITU-OA കൂട്ടുകെട്ട് ബന്ധുക്കൾ) 4000 കോടിയിൽ തീരുമെന്നാണ്. അപ്പോൾ തുക പകുതി ആയാൽ കുഴപ്പമില്ല. 4000 കോടി വെള്ളത്തിൽ കലക്കണോ കേവലം ഒന്നോ രണ്ടോ പേർക്ക് ജോലിക്കുവേണ്ടി. അതും ഞങ്ങൾ അനുവദിക്കില്ല. അടുത്ത കാര്യം Totex method ൽ സ്മാർട്ട് മീറ്റർ നടപ്പിലാക്കാൻ കെ.എസ്.ഇ.ബി.യും സ്റ്റേറ്റ് ഗവൺമെന്റും നോഡൽ ഏജൻസിയും ത്രികക്ഷി കരാർ ഒപ്പുവച്ചപ്പോൾ നിങ്ങൾ എവിടെയായിരുന്നു. നിങ്ങൾ നിയമിച്ച ബോർഡ് അധികാരികളും നിങ്ങളുടെ ഗവൺമെന്റും അല്ലേ ഇതിന്റെ പിന്നണിയിൽ. നിങ്ങൾ നാടകം കളിക്കുകയാണ്. എന്നെങ്കിലും കെ.എസ്.ഇ.ബി. RDSS യോഗങ്ങളിൽ കെ.എസ്.ഇ.ബി.ക്ക് ഇത് പറ്റില്ല, സാമ്പത്തിക സ്ഥിതി അനുകൂലമല്ല കേന്ദ്രം മുഴുവൻ തുകയും തരണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ, ഇല്ല. അതായത് നിങ്ങൾ ഇടത് ഗവൺമെന്റിന്റെ ഏജന്റുമാർ. നിങ്ങളുടെ സമരം ഉപഭോക്താക്കളുടെ, ജീവനക്കാരുടെ കണ്ണിൽ പൊടിയിടാൻ ഇത് CPM-BJP ഒത്തുകളിയല്ലെന്ന് ആർക്കാണ് അറിയാത്തത്.

14000 കോടി (നിലവിലെ കടം) + 25000 കോടി (പെൻഷൻ ട്രസ്റ്റ്) + 2000 കോടി (കെഫോൺ)+ 20000 കോടി (സ്മാർട്ട് മീറ്റർ)+1000 കോടി (പുരപ്പുറം) പിന്നെ ട്രാൻസ്ഗ്രിഡ് വേറെ, കെ.എസ്.ഇ.ബി.എൽ. നെ 62000 കോടി കടത്തിലെത്തിക്കുന്ന നിങ്ങളുടെ നടപടികളെ ഞങ്ങൾ എതിർക്കും. നിയമപരമായി നേരിടും, നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സ്മാർട്ട് മീറ്റർ നമുക്ക് പറ്റിയതല്ല. അനുവദിക്കില്ല. പണിമുടക്ക് ഉൾപ്പടെയുള്ള സമര പരിപാടികൾക്ക് ഞങ്ങളെ നിർബന്ധിതരാക്കല്ലെയെന്ന് അഭ്യർത്ഥിക്കുന്നു. അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കൂടുതൽ ഗ്രന്റ് നേടൂ.

9000 കോടിയുടെ ബാധ്യത വരുത്താൻ പോകുന്നവർ, ധൂർത്ത് നടത്തിയവർ, ആശുപത്രികൾക്ക് പണം വാരിക്കൊടുത്തവർ, പുരപ്പുറത്ത് ബന്ധുക്കൾക്ക് വാരിക്കോരി കൊടുത്തവർ, നെറ്റ് മീറ്ററിംഗിലൂടെ കെ.എസ്.ഇ.ബി.യെ മുടപ്പിച്ചവർ ജീവനക്കാരുടെ DA തടഞ്ഞു, ലീവ് സറണ്ടർ തടഞ്ഞു, ആശ്രിത നിയമനം തടഞ്ഞു, ജോലിക്കിടയിൽ മരിച്ച ലൈൻമാന്റെ ഭാര്യക്ക് ജോലി നൽകുന്നില്ല. 53 നെഞ്ചളവ് മക്കൾക്ക് ഉള്ളവർ നിശബ്ദർ, ഇതിനെല്ലാം കൂട്ടുനിൽക്കുന്നു. ഇടത് ഗവൺമെന്റിന്റേയും ബോർഡ് മാനേജ്മെന്റിന്റേയും അംഗീകാരന്റെയും ധാർഷ്ട്യത്തിനും ധൂർത്തിനും അവകാശ നിഷേധത്തിനുമെതിരെ ധൂർത്തിനുമെതിരെ 25.1.2023 ബുധനാഴ്ച സംസ്ഥാന തലത്തിൽ കെ.എസ്.ഇ.ബി. ഡിവിഷൻ ഓഫീസുകൾക്ക് മുന്നിൽ ധർണ്ണ നടത്തുന്നു. ധർണ്ണയ്ക്ക് മുന്നോടിയായി 20.1.2023 അവകാശ സംരക്ഷണദിനമായി ആചരിക്കുന്നു. സി.ഇ.എ. റെഗുലേഷൻ ഡ്രാഫ്റ്റ് 2022 ന് കൃത്യസമയത്ത് മറുപടി നൽകാത്ത ഉന്നത സാറന്മാർ പോസ്റ്റിംഗ് സ്ട്രെങ്ങ്തിന്റെ പേരിൽ തസ്തിക വെട്ടിയരിയാൻ, അതുമായി ബന്ധമില്ലാത്തവരെ ഉൾപ്പെടുത്തിയുള്ള കമ്മിറ്റിയുമായി ഇറങ്ങിയിരിക്കുന്നു. എന്തിനാണ് വെട്ടിയരിയുന്നത്. നിലവിൽ വളരെയധികം ഒഴിവുകൾ കിടക്കുകയല്ലേ. വിഷൻ 2000 ആവർത്തിക്കാനോ? അംഗീകരിക്കില്ല. ഓരോരുത്തരും അവരവർ ചെയ്യാനുള്ള പണി ചെയ്യൂ.. വൈദ്യുതി ഭവനിൽ “കുങ്കിയാന” ഇറങ്ങിയെന്നാണ് പൊതുവേയുള്ള സംസാരം. ഡിസ്ട്രിബ്യൂഷനിൽ അല്ലാത്ത, വൈദ്യുതി

ഭവനിൽ ഡയറക്ടേയ്സിന്റെ TA മാർക്ക് ഫീൽഡ് ജോലിയെക്കുറിച്ച് എന്തറിയാം. കമ്മിറ്റിയിൽ ഫീൽഡിലുള്ള സൂപ്പർവൈസർ ആയിട്ടുള്ളവരല്ലേ വേണ്ടത്.

## ധർണ്ണയിൽ ഞങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ

- KSEBL നും ഉപഭോക്താക്കൾക്കും കോടികളുടെ ബാധ്യത വരുത്തുന്ന സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കുക... മീറ്റർ റീഡർമാരെ നിയമിക്കുക.
- കുടിശ്ശിഖ DA അനുവദിക്കുക.
- തടഞ്ഞുവച്ച ലീവ് സറണ്ടർ അനുവദിക്കുക.
- തടഞ്ഞുവച്ചിരിക്കുന്ന വർക്കറിൽ നിന്നും ലൈൻമാനിലേയ്ക്കുള്ള പ്രമോഷൻ ഉടൻ നടത്തുക.
- ഇലക്ട്രിസിറ്റി വർക്കർമാരെ നിയമിക്കുക.
- തടഞ്ഞുവച്ച ആശ്രിതനിയമനം ഉടൻ നടത്തുക.
- കാഷ്യർമാരെ നിയമിക്കുക.
- 21.04.2022 ലെ ഗവൺമെന്റ് ഉത്തരവ് തിരുത്തുക. ITI/Diploma വേണമെന്ന വ്യവസ്ഥ CEA റെഗുലേഷൻ ഡ്രാഫ്റ്റ് 2022 പ്രകാരം എടുത്ത് കളയുക.
- ഡ്യൂട്ടിക്ക് വരുന്നതും, തിരികെ പോകുന്നതും ഡ്യൂട്ടി ആയി പരിഗണിക്കുക. ഗവൺമെന്റ് ഓർഡർ നടപ്പിലാക്കുക.
- പങ്കാളിത്ത പെൻഷൻ പിൻവലിക്കുക.

വിശ്വസ്തതയോടെ,

**കെ.പി.ധനപാലൻ** Ex.MP
പ്രസിഡന്റ്

**അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്**
വർക്കിംഗ് പ്രസിഡന്റ്

**വി.സുധീർ കുമാർ**
ജനറൽ സെക്രട്ടറി

**വാൽക്കഷണം**

10-ാം തീയതി ഒപ്പുവച്ച ബോർഡ് ഉത്തരവ് 12-ാം തീയതി EEFI സമരം തീരുംവരെ മാറ്റി. ഇത് വച്ചതും പോരാ 17 ലക്ഷമെന്ന ആദ്യ തീരുമാനം ധർണ്ണ അവസാനിപ്പിച്ചപ്പോൾ 37 ലക്ഷം ആയതെങ്ങനെ..? അതിയാന്റെ പണി അപാരം!!. Rent നൽകിയ മീറ്ററിന് വീണ്ടും പണം നൽകി മാറ്റി സ്ഥാപിക്കാൻ ഉപഭോക്താവ് അനുവദിച്ചില്ലേൽ നിങ്ങൾ എന്ത് ചെയ്യും. ഒരു പൊതുതാത്പര്യ ഹർജി നേരിടാൻ തയ്യാറായിക്കൊള്ളൂ.

**ഏറ്റവും പുതിയ വിശേഷം**

Totex ഉം ഇടത് - യൂണിയനുകളും - കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും പങ്കുവയ്ക്കാൻ പോകുന്ന തായി അറിയുന്നു.

## കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC)

**തിരുവനന്തപുരം**
12.01.2023

**KEEC (INTUC) സിന്ദാബാദ്, UDEEF സിന്ദാബാദ്**
**സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കുക... സാമ്പത്തിക ധവളപത്രം പുറത്തിറക്കുക...**